**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. എ. രാമചന്ദ്രൻ-ഗോശ്രീ ഐലന്റ് വികസന അതോറിറ്റിയിൽ പ്രോജക്ട് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിന്നും വിടുതൽ ചെയ്ത് മാതൃവകുപ്പിൽ നിലവിൽ ഒഴിവുള്ള വയനാട് ടൗൺ ടൗൺപ്ലാനർ തസ്തികയിൽ നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ യു) വകുപ്പ്**

**സ.ഉ(കൈ) നം.2354/2019/ത.സ്വ.ഭ.വ. തീയതി,തിരുവനന്തപുരം 24/10/2019**

---

പരാമർശം:- 1. 29.09.2018 തീയതിയിലെ സ.ഉ(കൈ)നമ്പർ 140/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2. 26.08.2019 തീയതിയിലെ സ.ഉ(സാധാ) 1841/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

3. മുഖ്യ നഗരാസൂത്രകയുടെ 18.09.2019-ലെ എ 3/9250/2018(2) നമ്പർ കത്ത്.

**ഉത്തരവ്**

നഗരഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.രാമചന്ദ്രൻ എ. യെ ഗോശ്രീ ഐലന്റ് വികസന അതോറിറ്റിയിൽ (GIDA) പ്രോജക്ട് ഡയറക്ടർ തസ്തികയിൽ സൂചന ഒന്ന് പ്രകാരം അന്യത്ര വ്യവസ്ഥയിൽ നിയമിക്കുകയും ടിയാൻ 01.10.2018 പൂർവ്വാഹ്നം മുതൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. സൂചന രണ്ട് പ്രകാരം ടിയാന് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ അധിക ചുമതല നൽകിയിരുന്നു. ടിയാന്റെ ഗോശ്രീ ഐലന്റ് വികസന അതോറിറ്റിയിൽ പ്രോജക്ട് ഡയറക്ടർ തസ്തികയിലെ അന്യത്ര സേവന കാലാവധി 30.09.2019-ൽ ഒരു വർഷം പൂർത്തിയാകുന്നതിനാൽ ടിയാന് ഉചിതമായ നിയമനം നൽകുന്നതിന് മുഖ്യ നഗരാസൂത്രക സൂചന മൂന്ന് പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗോശ്രീ ഐലന്റ് വികസന അതോറിറ്റിയിൽ (GIDA) പ്രോജക്ട് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ. രാമചന്ദ്രൻ എ.യെ മാതൃ വകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ച് നിലവിൽ ഒഴിവുള്ള വയനാട് ജില്ലാ ടൗൺ പ്ലാനർ തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്: മുഖ്യനഗരാസൂത്രക, തിരുവനന്തപുരം

സെക്രട്ടറി, ഗോശ്രീ വികസന അതോറിറ്റി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ശ്രീ. രാമചന്ദ്രൻ എ., ടൗൺ പ്ലാനർ (മുഖ്യ നഗരാസൂത്രക മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ